# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## മെത്രാൻസ്ഥാനം അധികാരമല്ല ശുശ്രൂഷാദൗത്യമാണ്: പാപ്പാ ഫ്രാൻസിസ്



മെത്രാൻസ്ഥാനം അധികാരമല്ല, ശുശ്രൂഷാദൗത്യമാണെന്ന് പാപ്പാ ഫ്രാൻസിസ് ഉദ്ബോധിപ്പിച്ചു. ലോകത്തെ 'മാതൃദേവാലയ'മെന്ന് വിശേഷിപ്പിക്കപ്പെടുന്ന റോമിലെ ലാറ്ററൻ ബസിലിക്കയുടെ സ്ഥാപന ദിനാചരണമായിരുന്ന നവംബർ 9-ാം തിയതി തിങ്കളാഴ്ച. അന്ന് അവിടെ അർപ്പിച്ച ദിവ്യബലിമദ്ധ്യേ റോമാരൂപതയുടെ പുതിയ സഹായമെത്രാൻ, ആഞ്ചലോദി ദൊനാത്തീസിനെ വാഴിച്ചുകൊണ്ടു നടത്തിയ സുവിശേഷപ്രഭാഷണത്തിലാണ് പാപ്പാ ഇങ്ങനെ ഉദ്ബോധിപ്പിച്ചത്.

മെത്രാൻസ്ഥാനം അധികാരമായി കാണുന്നവർ ജനങ്ങളെ ഭരിക്കാൻ നോക്കുമെ ന്നും, എന്നാൽ അത് അജപാലനദൗത്യമായി സ്വീകരിക്കുന്നവർ എളിമയോടെ ജനങ്ങളെ ശുശ്രൂഷിക്കുകയും അവർക്ക് ദൈവനാമത്തിൽ നന്മചെയ്തുകൊണ്ടു മുന്നേറുമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു.

ജീവിതസാക്ഷ്യംകൊണ്ട് ക്രിസ്തുവാകുന്ന നല്ലയിടയന്റെ ജീവിതവിശുദ്ധി ജനങ്ങൾക്ക് പകർന്നുകൊടുക്കാൻ മെത്രാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതിരില്ലാത്ത ക്ഷമയോടും വാത്സ്യലത്തോടുംകൂടെ സാധാരണക്കാരായ ജനങ്ങളുടെ തെറ്റുകൾ തിരു ത്തി അവരെ പ്രബോധിപ്പിക്കുവാനും, ദൈവകൃപയിലേയ്ക്ക് അവരെ ആനയിക്കുവാനും അഭിഷേകം ചെയ്യപ്പെട്ടവനാണ് മെത്രാനെന്നും, അഭിഷേകകർമ്മത്തിന്റെ വചനഭാഗം വ്യാഖ്യാനിച്ചുകൊണ്ട് പാപ്പാ ഉദ്ബോധിപ്പിച്ചു.

തന്റെ ചുറ്റുമുള്ള വൈദികഗണത്തോടു ചേർന്ന് ക്രിസ്തുവാകുന്ന പ്രധാന പു രോഹിതനെയാണ് ജനമദ്ധ്യത്തിൽ ആവിഷ്ക്കരിക്കേണ്ടതും, സാക്ഷ്യപ്പെടുത്തേണ്ടതു മെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. വിശ്വാസസമൂഹത്തോട് സുവിശേഷം പ്രഘോഷിക്കുവാനും, അവർക്ക് കൂദാശകളിലൂടെ ദൈവികരഹസ്യങ്ങൾ വ്യാഖ്യാനിച്ചുകൊടുക്കുവാനുമുള്ള വലിയ ഉത്തരവാദിത്വപൂർണ്ണമായ ശുശ്രൂഷയാണ് മെത്രാൻ സ്ഥാനമെന്ന് പാപ്പാ വ്യാഖ്യാനിച്ചു.